പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4841 22.3.2018 -ൽ മറുപടിയ്ക്ക്

## ടൂറിസം മേഖലയിലെ തൊഴിലവസരങ്ങൾ

| ചോദ്യം<br>ശ്രീ.അടൂർ പ്രകാശ്<br>ശ്രീ.പി.ടി. തോമസ് : | | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ, സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി |
|---|---|---|---|
| എ) | ടൂറിസം മേഖലയ്ക്ക് ആവശ്യമുള്ള മാനവ വിഭവശേഷിയെക്കുറിച്ച് വകുപ്പിന്റെ നേതൃത്വത്തിൽ എന്തെങ്കിലും പഠനങ്ങൾ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പഠനം നടത്തിയ ഏജൻസി ഏതെന്നും ഏതു വർഷമാണ് പഠനം നടത്തിയതെന്നുമുള്ള വിവരങ്ങൾ വിശദമാക്കാമോ; | എ) | ടൂറിസം മേഖലയ്ക്ക് ആവശ്യമുള്ള മാനവ വിഭവശേഷിയെക്കുറിച്ചുള്ള ഒരു പഠനവും റിസർച്ച് & സ്റ്റാറ്റിസ്റ്റിക്സ് ഡിവിഷൻ നേരിട്ടോ ഏജൻസി മുഖേനയോ നടത്തിയിട്ടില്ല. എന്നാൽ ടൂറിസം വകുപ്പിന്റെ നിർദ്ദേശപ്രകാരം ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷൻ 2016 വർഷത്തിൽ ടൂറിസം സാറ്റലൈറ്റ് അക്കൗണ്ട്സ് (ടിഎസ്എ) എന്ന ഒരു പഠനം നടത്തുകയുണ്ടായി. ഈ പഠനത്തിൽ ടൂറിസം മേഖലയിൽ നിലവിലുള്ള മാനവ വിഭവശേഷിയെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്. പ്രസ്തുത പഠനത്തിൽ 2013-14-ലെ കണക്കനുസരിച്ച് 15.87 ലക്ഷം പ്രത്യക്ഷ തൊഴിലവസരങ്ങളാണ് ടൂറിസം മേഖലയിൽ ഉള്ളത്. |
| ബി) | പഠനം നടത്തിയിട്ടുണ്ടെങ്കിൽ പഠന റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; | ബി) | ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷൻ സമർപ്പിച്ച ടൂറിസം സാറ്റലൈറ്റ് അക്കൗണ്ട്സ്എന്ന കരട് റിപ്പോർട്ടിലെ ബന്ധപ്പെട്ട പേജിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| സി) | ടൂറിസം മേഖലയിലെ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിന് ഏതെങ്കിലും കർമ്മ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ? | സി) | പ്രാദേശിക ഉപഗ്രഹ കണക്ക് പ്രകാരം കേരളത്തിന്റെ മൊത്തം തൊഴിലെണ്ണത്തിന്റെ 11.49 % വിനോദസഞ്ചാര മേഖലയുടെ സംഭാവനയാണ്. ഇതു നേരിട്ടുള്ള തൊഴിൽ ലഭ്യതയാണ്. ഇതിനോടൊപ്പം പരോക്ഷ തൊഴിൽ ലഭ്യതകൂടി കണക്കാക്കുമ്പോൾ 23.74% തൊഴിലുകൾ ലഭ്യമായിട്ടുണ്ട്. വിനോദസഞ്ചാര മേഖല നേരിട്ട് 14 ലക്ഷത്തോളം തൊഴിൽ ലഭ്യമാക്കിയിട്ടുള്ളതായി കണക്കാക്കുന്നു.<br>5 വർഷത്തിനിടയിൽ വിദേശ ടൂറിസ്റ്റുകളുടെ എണ്ണം ഇരട്ടിയാക്കുന്നതിനും, ആഭ്യന്തര ടൂറിസ്റ്റുകളുടെ എണ്ണം 50% വർദ്ധിപ്പിക്കുന്നതിനും വകുപ്പ് |

| | | | |
|---|---|---|---|
| | | | ലക്ഷ്യമിടുന്നു. ഇതിലൂടെ 5 വർഷത്തിനിടെ 4 ലക്ഷം തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനും വകുപ്പ് ലക്ഷ്യമിടുന്നു. ഇപ്രകാരം ഈ മേഖലയിൽ നിന്നുള്ള വരുമാനം ഗണ്യമായി വർദ്ധിക്കുമെന്ന് കണക്കാക്കുന്നു. വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന ഗ്രീൻ കാർപ്പറ്റ് പദ്ധതി പ്രാദേശിക തലത്തിൽ തൊഴിൽലഭ്യമാക്കുന്നതിനുള്ള ലക്ഷ്യത്തോട് കൂടിയുള്ളതാണ്. ഇതിനു പുറമേ വകുപ്പ് ആവിഷ്കരിച്ച നടപ്പിലാക്കി വരുന്ന ക്ലീൻ ഡെസ്റ്റിനേഷൻ ക്യാമ്പയിൻ എന്ന പദ്ധതിയിലും വിവിധ ടൂറിസം കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യ മേഖലയിലും വിപുലീകരണം നടത്തി ഈ മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനാണ് വകുപ്പ് ലക്ഷ്യമിടുന്നത്. ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷൻ മുഖേന വകുപ്പ് നടത്തിയ പഠനത്തിന്റെ ഡ്രാഫ്റ്റ് റിപ്പോർട്ട് അനുസരിച്ച് കൃഷി, കച്ചവടം, പ്രോസസ്സ് ചെയ്ത. ആഹാര പദാർത്ഥങ്ങൾ, റെഡിമെയ്ഡ് വസ്ത്രങ്ങൾ, അച്ചടിയും പ്രസിദ്ധീകരണവും, കര ജല വ്യോമസഞ്ചാര മേഖലകൾ, ഹോട്ടലുകൾ, ആരോഗ്യം തുടങ്ങിയ മേഖലകളിൽ ടൂറിസവുമായി ബന്ധപ്പെട്ട തൊഴിലുകൾ ഉണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഉത്തരവാദിത്ത ടൂറിസം മിഷന്റെ പ്രവർത്തനം 14 ജില്ലകളിലും വ്യാപിപ്പിച്ചുവരികയാണ്. വിവിധ ഗ്രാമീണ ടൂറിസം മേഖലയിലെയും ആർ.ടി മിഷൻ പ്രവർത്തനം വിപുലമാകുന്നതോടെ വൻതോതിൽ തൊഴിലവസരം സൃഷ്ടിക്കുമെന്നാണ് വിലയിരുത്തിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ

## Table 20

### Total Employment in Tourism Industries in Kerala

| | |
|---|---|
| **Total Employment (in lakh)** | 138.12 |
| 1. Tourism Characteristic Industries | 15.87 |
| 2. Tourism Connected Industries | 9.21 |
| 3. Tourism Specific Industries (1+2) | 25.08 |
| **Shares in Total Employment (%)** | |
| 1. Tourism Characteristic Industries | 11.49 |
| 2. Tourism Connected Industries | 6.67 |
| 3. Tourism Specific Industries (1+2) | 18.15 |
| **Employment multipliers** | 2.0663 |
| **Tourism Employment - direct and indirect (%)** | 23.74 |

Source

As is evident from the table, tourism specific industries have contributed 18.15% to the total employment in Kerala, of which, tourism characteristic industries' share is 11.49%. This is its direct contribution. The connected industries' share is 6.67%. In absolute numbers, the employment in tourism characteristic industries is 15.87 lakhs while that of tourism connected industries' is 9.21 lakhs. The employment multiplier of Tourism is 2.0663. Hence the total contribution (direct and indirect) of tourism to state employment is estimated at 23.74 per cent.